# പതിനഞ്ചാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

2021 ഓഗസ്റ്റ് 5, വ്യാഴം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--286]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 3421 മുതൽ 3529 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 3530 മുതൽ 3600 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 3601 മുതൽ 3653 വരെ |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | : 3654 മുതൽ 3706 വരെ |

### റവന്യൂ കമ്മി തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ

3421 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾ റവന്യൂ ശോഷണം നേരിടുമ്പോഴും കേന്ദ്ര സർക്കാർ ഇന്ധനത്തിന്മേൽ ഉൾപ്പെടെ വിവിധ സെസ്സിനങ്ങളിൽ ഈടാക്കുന്ന തുക വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെസ്സ് ആയി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ കമ്മി തരണം ചെയ്യാനായി മുൻ വർഷം വർദ്ധിപ്പിച്ച് നൽകിയ കടമെടുപ്പ് പരിധി ഈ സാമ്പത്തിക വർഷം കൂടി നിലനിർത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

### വൈജ്ഞാനിക സമ്പദ്ഘടന

3422 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് കേരളത്തെ നയിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

3423 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ. പി.വി.അൻവർ**

**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങളെ കേന്ദ്രസർക്കാർ അഭിനന്ദിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലെ കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിൽ ഉണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിന് ന്യായമായും ലഭിക്കേണ്ടിയിരുന്ന പദ്ധതി വിഹിതത്തിലെ കുറവ് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ;

(സി) കേന്ദ്രസഹായത്തോടെയോ കേന്ദ്രവിഹിതത്തോടെയോ സംസ്ഥാനത്ത് നടപ്പാക്കേണ്ടുന്ന വിവിധ പദ്ധതികൾക്ക് അപ്രായോഗികമായ നിർദ്ദേശങ്ങളും നിബന്ധനകളും വച്ച് കേന്ദ്രവിഹിതം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നതും നിഷേധിക്കുന്നതും സംസ്ഥാനത്തെ വികസനപ്രവർത്തനത്തിന് ഗുണകരമാവില്ലെന്ന കാര്യം കേന്ദ്രസർക്കാരിനെ ബോധിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം</u>

3424 **ശ്രീ തോമസ് കെ തോമസ്**

**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ കെ ബി ഗണേഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ വിവിധ വികസനപദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് പണം ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പലപ്പോഴും കൂടുതൽ തുക പിന്നീട് നൽകേണ്ടി വരുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) വികസന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി</u>

3425 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക മാദ്ധ്യമ പ്രവർത്തകരുടെ ദീർഘകാല ആവശ്യമായ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

3426 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എത്രമാത്രം ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ തനതു നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കുവാനും നികുതി കുടിശ്ശിക പിരിച്ചെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ക്യൂ ബില്ലുകൾ**

3427 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ക്യൂ ബില്ലുകൾ ആക്കിമാറ്റിയ ബില്ലുകൾക്ക് തൊട്ടടുത്ത സാമ്പത്തിക വർഷങ്ങളിൽ അഡീഷണൽ തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

**കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ചെലവ്**

3428 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന് ചെലവായ തുക എത്രയെന്നും വാങ്ങിയ വാക്സിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നയം നടപ്പാക്കാൻ വിവിധ മേഖലകളിൽ നിന്നും എത്ര തുകയുടെ സഹായം ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ;

(സി) എല്ലാവർക്കും വാക്സിൻ ഉറപ്പാക്കുന്നതിനായി ആകെ ആവശ്യമുള്ള തുക എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

**തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക**

3429 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15.07.2020 മുതലുള്ള വേതന കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോവിഡ് കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ച് നൽകുമോ; വിശദമാക്കാമോ;

(സി) കോവിഡ് കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതം

3430 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുതുക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഈ സ്ഥാപനങ്ങൾക്ക് 20 ശതമാനം പദ്ധതി വിഹിതം അധികമായി നൽകുമെന്ന വാഗ്ദാനം നിറവേറ്റിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## സീനിയറേജ് ഒഴിവാക്കിയത് കാരണമുള്ള സാമ്പത്തിക നഷ്ടം

3431 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിന് നൽകിയ തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കിയത് കാരണം സംസ്ഥാന ഖജനാവിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## കോവിഡും സംസ്ഥാന സമ്പദ്ഘടനയും

3432 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; കോവിഡ് രണ്ടാം തരംഗം ഇതിനെ ഏത് തരത്തിലാണ് ബാധിച്ചത്; കഴിഞ്ഞ സാമ്പത്തിക വർഷം റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയായിരുന്നു;

(ബി) 2021-22 സാമ്പത്തിക വർഷം കോവിഡ് മഹാമാരിയുണ്ടാക്കിയ നഷ്ടം മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്?

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

3433 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നിലവിലുള്ളത് എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനം കോവിഡ് മഹാമാരിയിൽ നിന്നും മുക്തമാകുന്നതുവരെ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നീട്ടാൻ തയ്യാറാകുമോ?

## വിദ്യാഭ്യാസ വായ്പ

3434 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ

3435 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പദ്ധതികൾ ഇപ്രകാരം ഏറ്റെടുത്തിട്ടുണ്ട്?

## വാർഷിക പദ്ധതി

3436 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി ചെലവ് കിഫ്ബി പദ്ധതികളുടെ ചെലവിന്റെ അടിസ്ഥാനത്തിലാണോ നിർണ്ണയിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

3437 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കിഫ്ബി ധനസഹായം ലഭിച്ച മാനന്തവാടിയിലെ സ്കൂളുകൾ

3438 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായമായ മൂന്ന് കോടി രൂപ അനുവദിച്ച മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ്

3439 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കുന്ന ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതിന്മേൽ കേരളാ റോഡ് ഫണ്ട് ബോർഡ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിനു വേണ്ട തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി മുഖേന മലയോര ഹൈവേ നിർമ്മാണം

3440 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബി മുഖേന എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ റോഡുകളിൽ പുതുതായി എത്ര പാലങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇനി എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിക്കാനുണ്ടെന്നും ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

## കിഫ്ബി മുഖേന അനുവദിച്ച കുടിവെള്ള-സ്റ്റേഡിയം പദ്ധതികൾ

3441 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾക്കും സ്റ്റേഡിയങ്ങൾക്കുമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതി

3442 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം എന്ന പദ്ധതിക്ക് ആകെ എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സ്ഥലം ഏറ്റെടുക്കുന്നതിനും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും റെയിൽവേയ്ക്ക് അടയ്ക്കുന്നതിനുമായി എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് അറിയിക്കാമോ;

(സി) ഈ തുകകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## <u>കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള താലൂക്കാശുപത്രികളുടെ സമഗ്രവികസനം</u>

3443 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ബാലുശ്ശേരി താലൂക്കാശുപത്രിയുടെ സമഗ്ര വികസന പദ്ധതിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം താലൂക്കാശുപത്രികളാണ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നത്; ഈ പ്രവൃത്തികൾക്കെല്ലാം സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കിഫ്ബി മുഖേന നടപ്പിലാക്കിയ നൂതനപദ്ധതികൾ</u>

3444 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബി മുഖേന അംഗീകാരം നൽകിയ നൂതന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമായിരുന്നു;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്;

(ഡി) കിഫ്ബിയുടെ വിഭവസമാഹരണ മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്നും നിലവിൽ കിഫ്ബിയ്ക്ക് എത്ര ആസ്തി ബാധ്യതകൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

## <u>ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്</u>

3445 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപം നൽകിയിട്ടുള്ള ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചു;

(ബി) ഇതിന്റെ പലിശ എത്രയെന്നും തിരിച്ചടവ് എന്ന് തുടങ്ങുമെന്നും വെളിപ്പെടുത്തുമോ?

## <u>കിഫ്ബി ധനസമാഹരണം</u>

3446 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂബോണ്ട്, ലാന്റ് ബോണ്ട് എന്നിവ ഉപയോഗപ്പെടുത്തി കിഫ്ബി നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ വാർഷിക പദ്ധതികളിൽ എത്ര തുകയുടെ പദ്ധതികൾ കിഫ്ബി ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്; കഴിഞ്ഞ അഞ്ച് വർഷത്തെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

3447 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>മാസ്കുമാരി-കുരുഡപ്പദവ് റോഡ്</u>

3448 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മാസ്കുമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന് കിഫ്ബിയിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ റോഡിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) റോഡിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

## <u>കൽപ്പറ്റ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

3449 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി മുഖേന കൽപ്പറ്റ മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കൊടുവള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ</u>

3450 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ?

## ടെണ്ടർ സേവിംഗ്സ് തുക

3451 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഓരോ വർഷവും തിരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

## പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണം

3452 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. നാളിതുവരെയായിട്ടും ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(ബി) ഏത് ഉദ്യോഗസ്ഥനെയാണ് ഇതിന്റെ ഡി.പി.ആർ. നിർണ്ണയിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

3453 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ആരോഗ്യമേഖലക്ക് നീക്കിവെച്ച ആസ്തി വികസന ഫണ്ട്

3454 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവെച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം എങ്ങനെ നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരം നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

3455 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് പ്രകാരം വിവിധ പദ്ധതികളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സും തരം തിരിച്ച് വിശദമാക്കാമോ?

## ടെൻഡർ സേവിംഗ്സ്

3456 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ സാമ്പത്തിക വർഷങ്ങളിൽ എ.ഡി.എഫ്., എസ്.ഡി.എഫ്. ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെൻഡർ സേവിംഗ്സ് ആയി ഉണ്ട്; സേവിംഗ്സ് ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇലക്ട്രിക് ബഗ്ഗി വാങ്ങൽ

3457 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒളവണ്ണ മലബാർ ബൊട്ടാണിക്കൽ ഗാർഡനിലേക്ക് ഒരു ഇലക്ട്രിക് ബഗ്ഗി വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കാമോ?

## എം.എൽ.എ. പ്രാദേശിക വികസന ഫണ്ട്

3458 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ഉണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ 2016-2021 കാലയളവിലെ പ്രവൃത്തികൾ

3459 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തിലും മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ബജറ്റിൽ തുക വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ ഭരണാനുമതി നൽകിയെന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

## പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

3460 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും എത്ര തുക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

## സംസ്ഥാന നികുതി വിഹിതം

3461 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം തിട്ടപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിനുണ്ടായ കുറവ് എത്രയെന്നും പ്രസ്തുത കുറവ് നികത്തിക്കൊണ്ട് സംസ്ഥാനത്തിന് കൂടുതൽ വിഹിതം ഉറപ്പാക്കാൻ ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി വാർഷികവായ്പാപരിധി അഞ്ച് ശതമാനമാക്കി ഉയർത്തുക, സെക്ടർ സ്പെസിഫിക്- സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകളുടെ

വർദ്ധന, റബർ മേഖല-ചെറുകിടമേഖല വിഭാഗങ്ങൾക്ക് സഹായവും വായ്പകൾക്ക് മൊറട്ടോറിയവും ഉറപ്പാക്കൽ, മൈക്രോഫിനാൻസ് (ബാങ്കിംഗ് ഇതര) സ്ഥാപനങ്ങൾ വഴിനല്കുന്ന 1.5 ലക്ഷം രൂപ വരെയുള്ള വായ്പ വനിതാ തൊഴിലാളികൾക്കും കുടുംബശ്രീ പ്രവർത്തകർക്കും ലഭ്യമാക്കൽ എന്നിവ ഉറപ്പിക്കാനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാനും നേടിയെടുക്കുവാനുമായി ധനകാര്യവകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## <u>നബാർഡിന്റെ വായ്പ</u>

3462 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോട് ജനറൽ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് നബാർഡ് വായ്പ എന്നും നബാർഡിന്റെ ഏത് ട്രാൻഞ്ചിലാണ് ഇതുൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ട്രാൻഞ്ചിന്റെ കാലാവധി എപ്പോഴാണവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടത്തിന് തറക്കല്ലിട്ടത് എപ്പോഴാണെന്നും പ്രവൃത്തി ടെണ്ടർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ടെണ്ടർ തുക എത്രയാണെന്നും ഇതുവരെ എത്ര രൂപയുടെ പ്രവൃത്തി ചെയ്തുവെന്നും കരാറുകാരന് എത്ര രൂപ ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) കരാറുകാരന് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ കാരണമെന്താണെന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി തുടരാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക</u>

3463 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നിലവിൽ എത്ര ക്ഷാമബത്ത ഗഡുക്കൾ കുടിശ്ശിക ഉണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ കുടിശ്ശികയായ ക്ഷാമബത്ത ഗഡുക്കൾ എന്നുമുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

## <u>ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം</u>

3464 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നിലവിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സെക്രട്ടറിയേറ്റിൽ ധനകാര്യ വകുപ്പിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ;

(സി) അഞ്ച് വർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടറിയേറ്റിന് വെളിയിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കാമോ?

## മെഡിസെപ്പ്

3465 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് മുഖേന ലഭിക്കുന്ന സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

## ശ്രീമതി സ്വപ്ന സുരേഷിന്റെ നിയമനം

3466 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി സ്വപ്ന സുരേഷിന്റെ നിയമനം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം ഐ.ടി. വകുപ്പിലും അനുബന്ധ വകുപ്പുകളിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ വിശദമാക്കാമോ;

(ബി) പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പരിശോധന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വാക്സിൻ ചലഞ്ച്

3467 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കോവിഡ്-19 വാക്സിൻ ലഭ്യമാക്കുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിനായി നടത്തിയ വാക്സിൻ ചലഞ്ചിൽ സംസ്ഥാന സർക്കാരിലെ ഓരോ വകുപ്പിലും എത്ര ജീവനക്കാർ പങ്കെടുത്തു എന്ന കണക്ക് ലഭ്യമാക്കാമോ; പങ്കെടുക്കാത്തവരുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) പങ്കെടുത്തവരിൽ നിന്നും ലഭ്യമായ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാർ സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക ജീവനക്കാർക്ക് മടക്കിക്കൊടുക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്നും എത്ര തവണയായാണ് ഇത് തിരിച്ചുകൊടുക്കുകയെന്നും അറിയിക്കാമോ;

(ഡി) ഇങ്ങനെ മടക്കി നൽകുന്ന തുക വാക്സിൻ ചലഞ്ചിലേക്ക് മാറ്റാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ

3468 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ഉണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ തസ്തികകൾ വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവർ ഉണ്ടോയെന്നറിയിക്കുമോ; ഉണ്ടെങ്കിൽ തസ്തിക ഏതാണെന്ന് വ്യക്തമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രവൃത്തികൾ</u>**

3469 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 വരെയുള്ള ഓരോ വർഷത്തിലും മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണ് വകയിരുത്തിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; വിശദാംശങ്ങൾ നൽകാമോ?

**<u>മലപ്പുറം മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികളുടെ പുരോഗതി</u>**

3470 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ ബജറ്റുകളിൽ ഉൾപ്പെടുത്തിയ മലപ്പുറം മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

**<u>ദേവികുളം മണ്ഡലത്തിലെ പദ്ധതികൾ</u>**

3471 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ തുക വകയിരുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിരുന്ന തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നിർവ്വഹണ ഏജൻസിയുടെ പേരും തരംതിരിച്ച് വിശദമാക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ പ്രവൃത്തികൾ

3472 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ബജറ്റിൽ തുക വകയിരുത്തിയിരുന്നതെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ ഭരണാനുമതി നല്കി; അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## കൊടുവള്ളി മണ്ഡലത്തിലെ പദ്ധതികൾ

3473 **ഡോ. എം.കെ . മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ പേരുവിവരവും എത്ര തുക വീതം അനുവദിച്ചു എന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കുമോ?

## മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

3474 **ശ്രീ. എ.എൻ.ഷംസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ അൻപത് ലക്ഷം രൂപ അനുവദിച്ചിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ കമ്പ്യൂട്ടർ നം. 1020914-ലെ സി.എൽ.എ.ഡി./എ3/238/2018 നമ്പർ ഫയലിൽ നടപടി ത്വരിതപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ

3475 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റിൽ അഴീക്കോട് മണ്ഡലത്തിലേക്കായി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഇവയിൽ ഓരോ പദ്ധതിക്കും നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദവിവരം നൽകുമോ?

## പുതുതലമുറ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് നടപടി

3476 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ബാങ്കുകൾ വൻതോതിൽ വായ്പാ റീ- സ്ട്രക്ചറിംഗ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉപഭോക്താക്കൾക്ക് വൻ പലിശബാധ്യത ഉണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

## ചരക്കുസേവന നികുതി

3477 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി സമ്പ്രദായം പരമാവധി സംസ്ഥാനത്തിന് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശിക

3478 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ റിക്കവറിയിലൂടെ എത്ര രൂപ നികുതികുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നും ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## നികുതികളോട് ചേർത്തുള്ള സെസ്

3479 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നികുതികളോട് ചേർത്ത് സെസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം പിരിച്ചെടുക്കുന്ന സെസ് അതതു മേഖലകളിലാണോ ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ലൈബ്രറി/പ്രളയ സെസ് വകമാറ്റി ചെലവഴിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമാഹരിച്ചെടുത്ത പ്രളയ സെസിൽ റീബിൽഡ് കേരള പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ച തുകയും വിവിധ പദ്ധതികളും വ്യക്തമാക്കുമോ?

## നികുതി വരുമാനത്തിലെ നഷ്ടം

3480 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം കേരളത്തിന് നികുതിയിനത്തിൽ എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കുമോ; നികുതിവരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച

കൈവരിക്കാൻ സാധിക്കാത്തത് നികുതി വകുപ്പിനെ വേണ്ട രീതിയിൽ പുന:ക്രമീകരിക്കുന്നതിൽ പരാജയപ്പെട്ടതിനാലാണോയെന്ന് വ്യക്തമാക്കുമോ?

## നികുതി ചോർച്ച

3481 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രമാത്രമെന്ന വിശദമായ കണക്ക് നൽകാമോ;

(ബി) ഇപ്രകാരമുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;?

## ആംനസ്റ്റി സ്കീമുകൾ

3482 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആംനസ്റ്റി സ്കീമുകൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സ്പാർക്കിന്റെ ഓഫീസുകളുടെ പ്രവർത്തനം

3483 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ജീവനക്കാരുടെ പേര്, ജനന തീയതി, മേൽവിലാസം മറ്റ് അനുബന്ധ സർവ്വീസ് രേഖകൾ തുടങ്ങിയവയിലുണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ധനകാര്യ വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ സ്പാർക്ക് ഓഫീസുകളിൽ നിയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിവിധ ജില്ലകളിൽ നിന്നും പരാതിയുമായി തിരുവനന്തപുരത്തെ സ്പാർക്ക് ഓഫീസിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഓഫീസിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ

3484 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയുടെ വിവിധ സബ്ജക്ട് കമ്മിറ്റികൾ അംഗീകരിച്ച് അധിക ഫണ്ടിനു വേണ്ടി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ;

(ബി) 2020, 2021 വർഷങ്ങളിൽ ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റികൾ എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സബ്ജക്ട് കമ്മിറ്റികൾ പരിശോധിച്ച് ധനവകുപ്പിന് സമർപ്പിക്കുന്നതിൽ മിക്കതും അനുവദിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

## ധനകാര്യ വകുപ്പിലെ താൽക്കാലിക ജീവനക്കാർ

3485 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ ഏതൊക്കെ രീതികൾ വഴിയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കാമോ;

(സി) ഇവരിൽ എത്ര പേരെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ?

## സാധനങ്ങളുടെ വിലക്കയറ്റം

3486 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ഉല്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മലബാർ കാൻസർ സെന്റർ

3487 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന് 2011 മുതൽ ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ;

(ബി) മലബാർ കാൻസർ സെന്ററിന് 2011 മുതൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ

ഓരോ വർഷവുമുള്ള ഫണ്ട് റിലീസ് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾക്കാണ് ഇനിയും ഫണ്ട് റിലീസ് ചെയ്യാനുള്ളതെന്നും ആയതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഫണ്ട് റിലീസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

**കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിത ജീവനക്കാർ**

3488 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനത്തിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വനിത ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധിക്ക് അർഹതയുണ്ടോ;

(ബി) ഇത്തരം വനിത ജീവനക്കാർ ഹിസ്റ്റക്ടമിക്ക് വിധേയമായാൽ അവർക്ക് 45 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിക്ക് അർഹതയുണ്ടോ;

(സി) ഇല്ലെങ്കിൽ മാനുഷിക പരിഗണനയിൽ ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**വൈജ്ഞാനിക സമ്പദ്ഘടന**

3489 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുകൂല സാഹചര്യം കണക്കിലെടുത്ത് കേരളത്തെ വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് നയിക്കുവാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

**ക്ഷേമപെൻഷൻ**

3490 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ സർക്കാർ നിർദ്ദേശപ്രകാരം യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ അവരുടെ പെൻഷൻ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മസ്റ്ററിംഗ് നടത്തി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ഈ ഓണക്കാലത്തിന് മുമ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തുക തടയപ്പെട്ട ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനുശേഷം പെൻഷൻ തുക ലഭിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മസ്റ്ററിംഗിന് മുമ്പ് തടഞ്ഞ് വെച്ച പെൻഷൻ കുടിശ്ശിക ഈ ഓണക്കാലത്തിന് മുമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇങ്ങനെ പെൻഷൻ കുടിശ്ശികയുള്ള എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

## ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന

3491 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിലെ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ദേശീയ സമ്പാദ്യ പദ്ധതി

3492 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന വിഹിതം എത്ര ശതമാനമാണ്; ഈ സാമ്പത്തിക വർഷം എത്ര രൂപ അതിനായി ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര കാലയളവിലെ കുടിശ്ശിക ഒടുക്കാനുണ്ടെന്ന് അറിയിക്കാമോ?

## വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന സർക്കാർ ഓഫീസുകൾ

3493 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ എത്രയുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ;

(ബി) ഇതിലേക്ക് വാടക ഇനത്തിൽ എത്ര തുക ചെലവഴിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന സർക്കാർ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പങ്കാളിത്ത പെൻഷൻ പുനഃപരിശോധന

3494 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നിയമിച്ച പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സംബന്ധിച്ച് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## വിവിധ പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങൾ

3495 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സർവ്വീസ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

**<u>കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്</u>**

3496 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നത് ആരെല്ലാമാണ്; വിശദാംശം നൽകാമോ;

(സി) ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്പനിക്ക് പ്രവർത്തനം നടത്തുന്നതിന് ഗ്യാരണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ഗ്യാരണ്ടി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കമ്പനിയുടെ പ്രവർത്തന മേഖല എന്താണെന്നും ഓരോ വർഷത്തേയും ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ?

**<u>ബാംബൂ കോർപ്പറേഷൻ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി. എഫ്. വിഹിതം</u>**

3497 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി. എഫ്. വിഹിതം യഥാസമയം ഒടുക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യവകുപ്പ് പരിശോധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ബാംബൂ കോർപ്പറേഷന്റെ നിലവിലെ ധനസ്ഥിതി പരിശോധിക്കുവാനും തൊഴിലാളികളുടെ പെൻഷൻ തുകയും സ്ഥാപനത്തിന്റെ പെൻഷൻ വിഹിതവും ഒടുക്കാത്തത് പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

3498 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന്

വ്യക്തമാക്കുമോ?

## സ്കൂൾ നിർമ്മാണ പദ്ധതികൾ

3499 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണത്തിന് ഒരു കോടി രൂപ വീതം കിഫ്ബി വഴി അനുവദിച്ചതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) സാങ്കേതിക അനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്കായി ശിപാർശ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ കരാർവെച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; സാങ്കേതിക അനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് കരാർവെച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാത്തതിനാലും എഗ്രിമെന്റ് വെക്കുന്നതിന് മുൻപ് വീണ്ടും എസ്റ്റിമേറ്റ് പരിശോധിക്കുന്ന സ്ഥിതി ഉള്ളതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## സ്കൂളുകളിൽ കിഫ്ബി ഫണ്ട്

3500 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

3501 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കിഫ്ബി പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും നിർവ്വഹണത്തിലുള്ളവ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളിൽ നിലവിൽ

പൂർത്തീകരിക്കാത്തതും ഇനിയും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ

3502 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനകാര്യ അനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടന്ന് വരുന്നതുമായ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, കിഫ്ബിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ കേരള റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇത്തരത്തിലുള്ള ഏതൊക്കെ പ്രവൃത്തികളാണ് കെ.ആർ.എഫ്.ബി മുഖേന നിർമ്മാണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

## ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ

3503 **ശ്രീ . ടി. വി. ഇബ്രാഹിം**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## പെട്രോൾ-ഡീസൽ വിലയുടെ നികുതി ഘടന

3504 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വിൽപനവിലയിൽ കേന്ദ്രനികുതി, സംസ്ഥാനനികുതി, മറ്റ് സെസുകൾ തുടങ്ങിയ ഘടകങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുമോ;

(ബി) മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇന്ധനവിലയെ ജി.എസ്.ടി.യ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

## നികുതി പിരിവ്

3505 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം

3506 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദനികുതിയും പരസ്യനികുതിയും ജി.എസ്.ടി. യിൽ ഉൾപ്പെടുത്തിയതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിന് ജി.എസ്.ടി. വിഹിതം ഈ സ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രഖ്യാപനം പൂർണ്ണമായി പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ്

3507 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് ഏതുവർഷം വരെയെന്നും ആയത് അഞ്ചുവർഷം കൂടെ നീട്ടണമെന്ന ആവശ്യം കേന്ദ്ര ധനകാര്യവകുപ്പ് അംഗീകരിച്ചുവോ എന്നും വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാന നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ധനമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയെക്കണ്ട് സംസ്ഥാനകാര്യങ്ങൾ ധരിപ്പിച്ചതുവഴി ലഭ്യമായ ഉറപ്പുകൾ എന്തെല്ലാം;

(സി) കോവിഡ് മഹാമാരിയെത്തുടർന്ന് സംസ്ഥാനത്തിന് നാളിതുവരെ ലഭ്യമായ കേന്ദ്രസഹായം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. തട്ടിപ്പ്

3508 **ശ്രീ. അബ്ദുൽ ഹമീദ് പി**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. തട്ടിപ്പ് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡ് പരിശോധന നടത്തി തട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി. ചോർച്ച ഒഴിവാക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ;

വ്യക്തമാക്കുമോ?

**ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കാനുള്ള തുക**

3509 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**നികുതി ഭരണത്തിലെ അധികാരനഷ്ടം**

3510 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി ഭരണത്തിൽ എന്തെല്ലാം തരത്തിലുള്ള അധികാരനഷ്ടങ്ങളാണ് സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം**

3511 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**വാറ്റ് കുടിശ്ശിക നോട്ടീസുകൾ**

3512 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരികൾക്ക് 2013-14 വർഷത്തെ വാറ്റ് കുടിശ്ശികയുടെ പേരിൽ 2018-19 കാലയളവിൽ തെറ്റായ രീതിയിലുള്ള നോട്ടീസുകൾ അയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

**പെട്രോൾ-ഡീസൽ വില വർദ്ധനയും അധിക വരുമാനവും**

3513 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ വില വർദ്ധനയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനവും നൽകിയ നികുതിയിളവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**ജി.എസ്.ടി. യിൽ ഇളവ്**

3514 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാരണം കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ഏകദേശം 25000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലോക്ക്ഡൗൺ മൂലം വ്യാപാരികൾ പ്രതിസന്ധി നേരിടുമ്പോൾ ജി.എസ്.ടി. പിരിവ് കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) രണ്ടു മാസത്തെ ലോക്ക്ഡൗൺ മൂലം വ്യാപാരികൾക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ച സാഹചര്യത്തിൽ ജി.എസ്.ടി. യിൽ അടക്കം ഇളവുകളും സാവകാശവും നൽകാൻ തയ്യാറാകുമോ?

## ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം

3515 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിൽ പുനർവിന്യാസത്തിന്റെ ഭാഗമായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ മറ്റ് വകുപ്പുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏത് വിഭാഗം ജീവനക്കാരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് പുനർവിന്യസിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജീവനക്കാരെ മറ്റ് വകുപ്പുകളിൽ പുനർവിന്യസിച്ചതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) ജി.എസ്.ടി. വകുപ്പിൽ ജോലി ചെയ്യുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ വേറെ വകുപ്പുകളിലേക്ക് പുനർവിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## നികുതി നിർണ്ണയ നോട്ടീസുകൾ

3516 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തർക്കങ്ങൾ കടന്നുകൂടാതെ നികുതി നിർണ്ണയ നോട്ടീസുകൾ നിയമവിധേയമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കൊണ്ടോട്ടി സബ്ട്രഷറി വിഭജനം

3517 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളുടെ നവീകരണത്തിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ട്രഷറികൾ വിഭജിച്ച് പുതിയത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രവർത്തന ബാഹുല്യം കണക്കിലെടുത്ത് കൊണ്ടോട്ടി സബ്ട്രഷറി വിഭജിച്ച് പുതിയ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ട്രഷറികളിലെ സോഫ്റ്റ്‌വെയർ തകരാറുകൾ

3518 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സോഫ്റ്റ്‌വെയർ സ്ഥിരമായി തകരാറിലാകുന്ന കാര്യം പരിശോധിക്കുമോ; നിലവിലെ സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകിയത് ആരാണെന്നും സോഫ്റ്റ്‌വെയർ മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്നും അറിയിക്കുമോ; ഇതിനായി പണം നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ തുക എത്രയെന്ന് അറിയിക്കുമോ; ;

(ബി) ട്രഷറി ഡയറക്ടറേറ്റിലെ സോഫ്റ്റ്‌വെയർ ചുമതല ആർക്കാണ്; ട്രഷറി വകുപ്പിലെ സാങ്കേതിക പരിജ്ഞാനം ഉള്ള ഒരു ടീമിനെ ഉണ്ടാക്കി സോഫ്റ്റ്‌വെയർ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തെ ട്രഷറി നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ സ്ഥിരനിക്ഷേപ ഇനത്തിൽപ്പെട്ട, നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത എത്ര അക്കൗണ്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ; ; ഇത്തരത്തിലുള്ള അക്കൗണ്ടുകളായി ആകെ എത്ര കോടി രൂപ ട്രഷറിയിലുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ മുതലും പലിശയും സംബന്ധിച്ച വിവരം തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) സ്ഥിരനിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത കേസുകളിൽ അവരുടെ അവകാശികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

## മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം

3519 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ടി.എസ്.ബി. അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുക

3520 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ നാളിതുവരെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും എത്ര രൂപ തിരിച്ചെടുത്തിട്ടുണ്ട്; തിരിച്ചെടുത്ത തുകയിൽ എത്ര രൂപ നാളിതുവരെ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട് ; പ്രസ്തുത തുക പൂർണ്ണമായും റീഫണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## നിലമ്പൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

3521 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ കഴിഞ്ഞ് മാസങ്ങളായിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിർവ്വഹണ ഏജൻസി ആയിരുന്ന ഇൻകെൽ ലിമിറ്റഡിനെ മാറ്റി പുതിയ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ ഇൻകെൽ ലിമിറ്റഡിനെ തന്നെ നിർവ്വഹണ ഏജൻസിയായി നിലനിർത്തി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാനാകുമോ; ഇതേ ആവശ്യം ഉന്നയിച്ചുള്ള ട്രഷറി വകുപ്പിന്റെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## ട്രഷറി സേവിംഗ്സ് അക്കൗണ്ട്

3522 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡുകൾ നൽകുന്ന തീരുമാനം ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും മറ്റ് ബാങ്ക് അക്കൗണ്ടുകളിലേക്കും മറ്റ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കും പണം ട്രാൻസ്ഫർ ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പണം ട്രാൻസ്ഫർ ചെയ്യുന്നതിന് എടുക്കുന്ന സമയം, ഇതിനായുള്ള നടപടിക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് നൽകാനുദ്ദേശിക്കുന്ന എ.ടി.എം. ഉപയോഗിച്ച് എല്ലാ ബാങ്ക് എ.ടി.എം. കളിൽ നിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയുമോ; വിശദാംശങ്ങൾ നൽകുമോ?

## ടി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ

3523 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓൺലൈൻ മുഖേന ട്രഷറിയിലേക്ക് പണം നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

## ഭാഗ്യക്കുറി മേഖലയിൽ നവീകരണം

3524 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് ആളുകൾ വരുമാനമാർഗ്ഗമായി കാണുന്ന സംസ്ഥാന ലോട്ടറിയെ നവീകരിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ലോട്ടറിയുടെ ഘടന കൂടുതൽ സമ്മാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുമോ;

(സി) ബംബർ ഭാഗ്യക്കുറി മാതൃകയിൽ കൂടുതൽ ഒന്നാം സമ്മാനങ്ങൾ നൽകുന്ന തരത്തിൽ പുതിയ ഭാഗ്യക്കുറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചെറുകിട ലോട്ടറി കച്ചവടക്കാരുടെ ബുദ്ധിമുട്ട്

3525 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട ലോട്ടറി കച്ചവടക്കാർക്ക് ലോട്ടറി ഓഫീസിൽ വന്ന് ടിക്കറ്റ് നേരിട്ട് വാങ്ങിക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അധികം വന്ന ടിക്കറ്റ് വൻകിട ലോട്ടറി കച്ചവടക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3526 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച ഓഡിറ്റ് ബോർഡ് എന്ന ഭരണസംവിധാനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ചാണോ പ്രസ്തുത ബോർഡ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ 2019-2020 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന വാർഷിക/കൺകറൻറ് ഓഡിറ്റ് പരിശോധന വിഷയങ്ങൾ ഓഡിറ്റ് ഹെഡുകളായി തിരിച്ച് പരിശോധന നടത്താൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഉത്തരവായത് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കാമോ?

## ഇലക്ട്രോണിക് പഠനോപകരണങ്ങളുടെ വിതരണം

3527 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ. എസ്. എഫ്. ഇ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സഹായങ്ങൾ

ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹായങ്ങൾ നിർധനരായ വിദ്യാർത്ഥികൾക്ക് ഏത് തരത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം വിദ്യാർത്ഥികൾക്ക് പ്രത്യേക ഇളവുകൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

**<u>സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ്</u>**

3528 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സ്കീമുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും ജീവനക്കാരോ സംഘടനകളോ കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മഞ്ചേശ്വരം താലൂക്കിൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുന്നതിന് നടപടി</u>**

3529 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാമ്പ് വെണ്ടർമാരെ തെരഞ്ഞെടുക്കുന്നത്/നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ സ്റ്റാമ്പ് വെണ്ടർ ഇല്ലാത്തതിനാൽ മുദ്രപ്പത്രങ്ങൾ, റവന്യൂ/കോർട്ട്ഫീ സ്റ്റാമ്പുകൾ എന്നിവ ലഭിക്കുന്നതിനായി പൊതുജനങ്ങൾ 10 മുതൽ 30 കിലോമീറ്റർ വരെ സഞ്ചരിച്ച് പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് പരിഹാരമായി പ്രസ്തുത സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കാമോ?

**<u>നിയമ ഭേദഗതികൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി</u>**

3530 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏതൊക്കെയാണെന്നുള്ള ക്രോഡീകരിച്ച പട്ടിക ലഭ്യമാക്കുമോ; ഇത്തരത്തിൽ നിയമങ്ങളുടെ പട്ടിക ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കാലാകാലങ്ങളിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാറുണ്ടോ;

(സി) ഇത്തരത്തിൽ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുള്ള നിയമം പലപ്പോഴും പൊതുജനത്തിന് പരിശോധിക്കാൻ ലഭ്യമാകാത്തത്, നിയമം തെറ്റായി വ്യാഖ്യാനിക്കാൻ ഇടയാക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമങ്ങൾ സമയാസമയങ്ങളിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കുമോ; കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## ഗ്രാമീൺ ന്യായാലയ് പദ്ധതി

3531 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ വകുപ്പിന്റെ കീഴിൽ ഗ്രാമീൺ ന്യായാലയ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;എങ്കിൽ അവയുടെ പ്രവർത്തനവും അധികാര പരിധിയും എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമീൺ ന്യായാലയ് കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) ഗ്രാമീൺ ന്യായാലയ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കാമോ?

## മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ്

3532 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മൂത്തേടം പഞ്ചായത്ത് പരിധിയിലെ നാരങ്ങാ മൂലയിൽ മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ് എന്ന വ്യവസായ സഹകരണ സംഘം വ്യവസായ വകുപ്പിന് കീഴിൽ രജിസ്ററർ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ആരെല്ലാമാണ്; സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന് വ്യവസായ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ലൈസൻസോ അനുമതിയോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സംഘത്തിന് വ്യവസായ വകുപ്പിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വായ്പ തുക, വർഷം, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം എത്ര തുകയാണ് പൊതുജനങ്ങളിൽ നിന്നും ഓഹരിയിനത്തിൽ പിരിച്ചെടുത്തതെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക്

ഈ സംഘത്തിൽ എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ എത്രയെന്നും അറിയിക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം എത്രയെന്നും ഈ സ്ഥലം ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ; ഈ സംഘത്തിന്റെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ വിൽപ്പനക്ക് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി നൽകിയ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ആരാണ് പരാതി നൽകിയതെന്നും എന്നാണ് പരാതി ലഭിച്ചതെന്നും പരാതിയുടെ പകർപ്പും ലഭ്യമാക്കാമോ; പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## വ്യവസായ സഹകരണ സംഘങ്ങൾ

3533 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അടിസ്ഥാനത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ച് നിക്ഷേപ സമാഹരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ

3534 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്പന്ന വൈവിധ്യവത്ക്കരണത്തിനും കയറ്റുമതി പ്രോത്സാഹനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; വിശദമാക്കാമോ?

## കെ.സി.സി.പി.എൽ വൈവിദ്ധ്യവത്കരണം

3535 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ യൂണിറ്റുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ

3536 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഇലക്ട്രോണിക്സ് വ്യവസായ മേഖല

3537 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ കെൽട്രോൺ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാധ്യതകൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തിന് വേണ്ടത്ര കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിരുന്നോ;

(സി) വ്യവസായ മേഖലയ്ക്ക് വൻ മുതൽക്കൂട്ടാക്കാവുന്ന ഇലക്ട്രോണിക് വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

3538 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ

പ്രവർത്തന മികവു കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി ലാഭവിഹിതം എത്രയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

## വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതി

3539 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ സമീപത്തായി മുളവുകാട് പഞ്ചായത്തിന്റെ അതിർത്തിയിൽ കണ്ടെയിനർ റോഡിന്റെ ഇരുഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നതും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗവുമായ 250 ഏക്കറോളം കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി വല്ലാർപാടം കണ്ടെയിനർ ടെർമിനലിനോട് അനുബന്ധിച്ച വ്യവസായ ആവശ്യങ്ങൾക്കുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## വ്യവസായ പുരോഗതിയിൽ പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും

3540 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി അവരുടെ വിവര ശേഖരണവും പ്രൊഫൈലിങ്ങും നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ നവീകരിക്കുന്നതിന് നടപടി

3541 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ കൂടുതൽ തൊഴിൽ ലഭ്യത നൽകുന്ന തരത്തിൽ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണം**

3542 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും വ്യവസായ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി വ്യവസായ വകുപ്പ് അനുവദിച്ച തുകയുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കിനാലൂർ വ്യവസായ എസ്റ്റേറ്റ്**

3543 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഏതെല്ലാം സംരംഭങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലസൗകര്യമൊരുക്കുന്നതിന് എസ്റ്റേറ്റിനുള്ളിലെ പാറ മൈനിംഗ് നടത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

**അത്താണി വ്യവസായ എസ്റ്റേറ്റ്**

3544 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അത്താണി വ്യവസായ എസ്റ്റേറ്റിലെ ശുദ്ധജല വിതരണ പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ, വാട്ടർ ടാങ്കിന് വേണ്ട സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) അത്താണി വ്യവസായ എസ്റ്റേറ്റിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ എസ്റ്റേറ്റിൽ ഏതെങ്കിലും പ്ലോട്ടുകൾ ഇനി അനുവദിക്കാനുണ്ടോ;

(ഡി) പ്രസ്തുത എസ്റ്റേറ്റിൽ നിലവിൽ പ്രവർത്തനം നിർത്തിയ ഏതെങ്കിലും യൂണിറ്റുകൾ ഉണ്ടോ; എങ്കിൽ ആയത് റീ അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**നൂതന വ്യവസായ സംരംഭങ്ങൾ**

3545 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിക്കുന്ന നൂതന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## <u>പാലക്കാട് റൈസ് പാർക്ക്</u>

3546 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ</u>

3547 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധയെ തുടർന്ന് കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാധിഷ്ഠിത വ്യവസായത്തിന് മുന്തിയ പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടു വരുന്നവരെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സഹായം</u>

3548 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) യുവ സംരംഭകർക്ക് എം.എസ്.എം.ഇ. തുടങ്ങുന്നതിന് എസ്കോർട്ട് സഹായം നല്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>സ്വയം തൊഴിൽ പ്രോത്സാഹനത്തിന് പദ്ധതികൾ</u>

3549 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പ് സ്വയം തൊഴിൽ പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കുന്നത്തുനാട്ടിൽ വ്യവസായ പ്രോജക്റ്റ്

3550 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 2021 ജനവരി 25 ന് ചേർന്ന യോഗത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ എഫ്. എ. സി. റ്റി. യോട് ചേർന്നുള്ള കിൻഫ്രയുടെ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലത്ത് സാനിട്ടറി ലാൻഡ്ഫിൽ തുടങ്ങുന്നതിന് വേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡും കേരള എൺവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡും ചേർന്നുള്ള പ്രോജക്റ്റ് ചർച്ച് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്റ്റിന്റെ തുടർനടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020

3551 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം പ്രാവർത്തികമാക്കിയ പ്രോജക്റ്റുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ലഭ്യമായതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന വ്യവസായ മേഖലയ്ക്ക് ഇത് എപ്രകാരം ഗുണകരമായെന്ന് വ്യക്തമാക്കാമോ?

## വല്ലാർപാടം കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

3552 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ അനുബന്ധ ആവശ്യങ്ങൾക്കു വേണ്ടി ജിഡ, ജി.സി.ഡി.എ., വ്യവസായ വകുപ്പ്, ഉൾനാടൻ ജല ഗതാഗതം, റവന്യൂ, കൃഷി, ടൂറിസം, പി.ഡബ്ല്യു.ഡി., രജിസ്ട്രേഷൻ, നിയമം എന്നിവ ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സിറ്റി ഗ്യാസ് പദ്ധതി

3553 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ് പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രകൃതിവാതക വിതരണം ആരംഭിച്ചിട്ടുള്ളതെന്നും എത്ര വീടുകൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമാവുന്നുണ്ടെന്നും എത്ര വീടുകൾക്ക് ഇത് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതെല്ലാം പ്രദേശങ്ങളിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഡി) പദ്ധതി പ്രദേശമെന്ന പരിഗണന നൽകി വല്ലാർപാടം നിവാസികൾക്കും വല്ലാർപാടം സ്ഥിതിചെയ്യുന്ന മുളവുകാട് പഞ്ചായത്തിലും സിറ്റി ഗ്യാസ് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്ന വൈപ്പിൻ പ്രദേശത്തെ ജനങ്ങൾക്ക് മുൻഗണന നൽകി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) എറണാകുളം ജില്ലയിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണത്തിൽ മറ്റു കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കുമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

3554 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കിൻഫ്ര വ്യവസായ പാർക്കിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 46.39 ഏക്കർ ഭൂമി ഒഴിവാക്കി ബാക്കി ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(സി) തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി ഒഴിവാക്കി ബാക്കിയുള്ള ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ;എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**എം.എസ്.എം.ഇ. മേഖലയിലെ നിക്ഷേപവും തൊഴിലവസരവും**

3555 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ മൊത്തം വർക്കിംഗ് യൂണിറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഈ മേഖലയിലെ മൊത്തം നിക്ഷേപം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ എത്രയെന്നും അറിയിക്കാമോ;

(ബി) ലോക എം.എസ്.എം.ഇ. ദിനത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രോത്സാഹന പരിപാടികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ പദ്ധതികൾ

3556 **ഡോ.കെ.ടി.ജലീൽ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനത്തിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സംരംഭങ്ങളെ ഒരുമിച്ചു കൊണ്ടുവന്ന് അവയ്ക്കാവശ്യമായ സേവനങ്ങൾ പൊതുവായി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ക്ലസ്റ്റർ വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

## ചെറുകിട വ്യവസായ മേഖലയ്ക്കായി സഹായ പദ്ധതി

3557 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോവിഡ് രോഗബാധയും ചെറുകിട /ഇടത്തരം വ്യവസായങ്ങളും

3558 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധിയിലായ ചെറുകിട - ഇടത്തരം വ്യവസായങ്ങളെ (എം.എസ്.എം.ഇ.) പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(ബി) സ്റ്റാർട്ടപ്പുകൾ, ഓൺലൈൻ വിപണനം എന്നിവ വഴി ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നറിയിക്കാമോ?

## എം.എസ്.എം.ഇ വ്യവസായ സംരംഭങ്ങളുടെ വായ്പ ഇളവ്

3559 **ശ്രീ. പി. ടി. തോമസ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഭദ്രത പാക്കേജിന്റെ ഭാഗമായി എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾക്ക് ആശ്വാസം എത്തിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) എം. എസ്. എം. ഇ. വ്യവസായ സംരംഭങ്ങൾക്കായി ജില്ലാ വ്യവസായകേന്ദ്രം വഴിയെടുത്ത വായ്പകൾക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ച് നൽകിയതെന്നറിയിക്കുമോ?

**<u>ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേക പദ്ധതികൾ</u>**

3560 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മഹാമാരിയെ തുടർന്ന് പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ചെറുകിട വ്യവസായങ്ങൾക്ക് വിപണി ലഭ്യത ഉറപ്പാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ് കാലത്ത് ചെറുകിട വ്യവസായികളെ സഹായിക്കാനായി വായ്പ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കൃഷി അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ</u>**

3561 **ശ്രീ സി എച്ച് കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് കൃഷി അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടക്ക ഉത്പാദിപ്പിക്കുന്ന കാസറഗോഡ് ജില്ലയിൽ ഈ ഉത്പന്നം കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

**<u>പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിന് നടപടി</u>**

3562 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മൂലം പരമ്പരാഗത വ്യവസായ മേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മേഖലയുടെ തകർച്ച നിലവിലെ സ്ഥിതിയിൽ തുടരുന്നത് വൻസാമ്പത്തിക ദുരന്തത്തിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോവിഡ് മൂലം ദുരിതത്തിലായ പ്രസ്തുത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിനായി പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## <u>പരമ്പരാഗത വ്യവസായ മേഖലകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി</u>

3563 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി എന്നിവ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ചെറുകിട , കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

3564 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിപണന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത ഉല്പന്നങ്ങളുടെ ഫലപ്രദമായ വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോ;

(സി) വൻകിട-ചെറുകിട വ്യവസായ സംരംഭകർ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി അംഗീകരിയ്ക്കാൻ മടി കാണിക്കുന്ന സാഹചര്യത്തിൽ കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## <u>കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി</u>

3565 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ടി എത്ര ഏക്കർ സ്ഥലമാണ് സർക്കാർ ഏറ്റെടുക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് മേഖലയിൽ വ്യവസായ ഇടനാഴിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

**<u>ഉത്തരവാദിത്ത നിക്ഷേപം</u>**

3566 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത നിക്ഷേപം വ്യവസായ നയത്തിന്റെ ഭാഗമായി അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്ത് നൂറ് കോടിയിലധികം രൂപ മൂലധന നിക്ഷേപമുള്ള വ്യവസായം തുടങ്ങുന്നവർക്ക് എന്തെല്ലാം കാര്യങ്ങളിലാണ് ഇളവുകൾ നൽകുന്നത്; വിശദമാക്കാമോ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരം ഒരുക്കുന്നതിന് വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

**<u>കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്</u>**

3567 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലാട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോ;

(സി) പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ചീമേനിയിലെ വ്യവസായ പാർക്ക്</u>**

3568 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സുലഭമായി ലഭിക്കുന്ന അടക്ക, കശുവണ്ടി, കല്ലുമ്മക്കായ (ചിപ്പി) എന്നിവ ഉപയോഗിച്ച് ചീമേനിയിലെ വ്യവസായ പാർക്കിൽ പൊതുമേഖലയിൽ വ്യവസായം കൊണ്ടുവരാൻ കഴിഞ്ഞ സർക്കാർ കാലത്ത് തന്നെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും വ്യവസായ പാർക്ക് ആരംഭിക്കാൻ വൈകുന്നതെന്തുകൊണ്ടെന്നും ഈ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>ബഹുനില വ്യവസായ പാർക്കുകൾ</u>**

3569 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില വ്യവസായ പാർക്കുകൾ (ശാല) സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതായി ഏതെല്ലാം ജില്ലകളിലാണ് വ്യവസായ പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വികസന പദ്ധതികൾക്കായി സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളെ ആകർഷിക്കാൻ നടപടികളിൽ ലഘൂകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം</u>

3570 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) 2020 ജനവരിക്ക് ശേഷം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചുപൂട്ടുകയോ ഉല്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ പ്രതിസന്ധി കാലത്ത് വൻകിട, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

## <u>സംരംഭകർക്ക് കോവിഡ് സമാശ്വാസപദ്ധതി</u>

3571 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ കോവിഡ് സമാശ്വാസപദ്ധതി ഏതുരീതിയിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംരംഭകർക്ക് വകുപ്പ് നൽകുന്ന പരിശീലനസഹായം ഏതുരീതിയിലാണെന്നും സംരംഭകസഹായ സബ്സിഡി എപ്രകാരമാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിക്കാമോ;

(സി) സംരംഭകർക്ക് നൽകുന്ന പലിശരഹിത വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## കോവിഡ് പ്രതിരോധത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

3572 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധത്തിനായി വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) സാനിറ്റൈസറും ഡിസ്ഇൻഫെക്റ്റന്റുകളും മാസ്കും നിർമ്മിക്കുന്നതിന് ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വ്യവസായ വകുപ്പിന്റെ കീഴിൽ ഓക്സിജൻ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സംരംഭകത്വ വികസനത്തിൽ പരിശീലനം നൽകുന്ന പദ്ധതി

3573 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് സംരംഭകത്വ വികസനത്തിലും പശ്ചാത്തല വികസനത്തിലും പങ്കാളിത്തം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ;

(ബി) വിദ്യാർത്ഥികളെ പഠനത്തോടൊപ്പം സംരംഭങ്ങളിൽ പങ്കാളികളാക്കി പരിശീലനം നൽകുന്ന പദ്ധതി വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഇൻവെസ്റ്റ്മെന്റ് സെൽ

3574 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും സംരംഭങ്ങൾക്കുവേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് സെൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) സർക്കാർ നയത്തിനനുസൃതമായി ഉദ്യോഗസ്ഥ മനോഭാവം കൂടി മാറേണ്ടതുള്ളതിനാൽ സംരംഭം നടത്തുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപസൗഹൃദ പരിപാടി ആവിഷ്കരിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ?

**വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

3575 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

**പ്രവാസി സംരംഭങ്ങൾക്ക് സഹായം**

3576 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതികപരിജ്ഞാനവും പരിചയമികവും ഉപയോഗപ്പെടുത്തി വ്യവസായവകുപ്പിന്റെ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

**ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക**

3577 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ 30.06.2021 ലെ G.O(Rt) 667/2021/ID നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 12 കോടി രൂപയിൽനിന്നും തൊഴിലാളികൾക്ക് എത്ര മാസം വരെ നൽകേണ്ട ഡി.എ. കുടിശ്ശിക നൽകാനാകുമെന്നും ബാക്കി നിൽക്കുന്ന കുടിശ്ശിക നൽകാൻ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം അവസാനമായി എന്നാണ് പരിഷ്കരിച്ചതെന്ന് അറിയിക്കാമോ;

(ഡി) ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ്**

3578 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതിയുള്ള എത്ര ക്രഷർ/ക്വാറികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ക്വാറി ഉത്പന്നങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണലിന് പകരമായി ഉപയോഗിച്ചുവരുന്ന എം സാന്റ്, പി സാന്റ് തുടങ്ങിയ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ് മൂലം നിർമ്മാണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു പരിഹാരമായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തുനിന്നോ മണൽ ഇറക്കുമതിക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അനധികൃത ഖനനങ്ങൾ

3579 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ഖനനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അനധികൃത ഖനനങ്ങൾ തടയുന്നതിനു വേണ്ടി ഏർപ്പെടുത്തിയ ജില്ലാതല-പ്രാദേശികതല സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലൈസൻസ് അനുമതി കാലഹരണപ്പെട്ട ശേഷം ഖനനം നടക്കുന്ന ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി

3580 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ക്വാറി ഉത്പന്നങ്ങൾക്ക് ഉണ്ടായ ലഭ്യതക്കുറവ് മൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും, ക്വാറി ഉത്പന്നങ്ങൾക്ക് സംസ്ഥാനമൊട്ടാകെ വില ഏകീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പട്ടുനൂൽ ഉൽപ്പാദന കേന്ദ്രം

3581 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടുനൂൽ ഉൽപ്പാദന കേന്ദ്രം (സിൽക്ക് റീലിംഗ് യൂണിറ്റ് ) ഉണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര തൊഴിലാളികളാണുള്ളതെന്നും അവർക്ക് വേതനം നൽകാറുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) പ്രവർത്തിച്ചുകൊണ്ടിരുന്നതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ യൂണിറ്റുകൾ ഉണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇങ്ങനെ എത്ര യൂണിറ്റുകൾ ഉണ്ടെന്നും ഇവ പ്രവർത്തനം തുടങ്ങിയതും നിർത്തിവെച്ചതും എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രവർത്തനം തുടങ്ങിയ കാലത്ത് എത്ര തൊഴിലാളികൾ / ജീവനക്കാർ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ അവരുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; പ്രവർത്തനം നിർത്തിയപ്പോൾ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോയെന്നും ആനുകൂല്യങ്ങൾ മുഴുവൻ നൽകിയാണോ പിരിച്ചുവിട്ടതെന്നും അറിയിക്കാമോ; പിരിച്ചുവിട്ടില്ലെങ്കിൽ ഇപ്പോൾ അവർക്ക് വേതനം നൽകിവരുന്നോ എന്നും വ്യക്തമാക്കാമോ?

## പട്ടുനൂൽ ഉത്പാദനം

3582 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടുനൂൽ ഉത്പാദനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

3583 **ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സ് കൈത്തറി സഹകരണ സംഘങ്ങൾക്ക് 15 കോടിയോളം രൂപ കുടിശ്ശികയായി നൽകാനുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി

3584 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ദേശീയ ഹൈവേ 66-നോട് ചേർന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര ഏക്കർ സ്ഥലമുണ്ട്;

(ബി) പ്രസ്തുത സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടപ്പുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥലം ഏതെങ്കിലും വ്യവസായത്തിന് ഉപയുക്തമാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## കുന്നത്തറ ടെക്സ്റ്റൈൽസ്

3585 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ വിലകൂടിയ ഭൂമിയും മറ്റ് കെട്ടിടങ്ങളും കോടതി ലിക്വിഡേറ്റ് ചെയ്യതിനാൽ നാമമാത്രമായ വിലയിൽ ആയത് വിൽക്കപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കടബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ടെക്സ്റ്റൈൽസിന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ ടെക്സ്റ്റൈൽസ് സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

**<u>കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി</u>**

3586 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് കഴിഞ്ഞ ഒന്നരവർഷമായി അടഞ്ഞ് കിടക്കുന്നതു മൂലം തൊഴിലാളികൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇതിന് ഉടനടി പരിഹാരം കണ്ടെത്തുമോ; തൊഴിലാളികൾക്ക് അടിയന്തിര ദുരിതാശ്വാസം നൽകുവാൻ തയ്യാറാകുമോ;

(സി) ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന പ്രസ്തുത വ്യവസായ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(ഡി) കോട്ടയം ടെക്സ്റ്റയിൽസിന്റെ പുനരുദ്ധാരണത്തിന് അനിവാര്യമായ വികസന പദ്ധതികൾ വിവരിക്കാമോ; ഇതിനാവശ്യമായ പദ്ധതികൾക്ക് വ്യവസായ വകുപ്പ മന്ത്രി മുൻകൈയെടുത്ത് സത്വര നടപടി സ്വീകരിക്കുമോ?

**<u>ഖാദി, കൈത്തറി, ബീഡി മേഖലകൾ പുന:രുജ്ജീവിപ്പിക്കാൻ നടപടി</u>**

3587 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ബീഡി മേഖലകൾ കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായതിനാൽ ഇവ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് നൂൽ ഉൾപ്പെടെയുള്ളവ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ?

**<u>വടകര മണ്ഡലത്തിലെ ഓട് ഫാക്ടറി</u>**

3588 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ ചോറോഡ് പഞ്ചായത്തിലെ ഓട് ഫാക്ടറി വർഷങ്ങളായി പൂട്ടി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓട് ഫാക്ടറിയുടെ കെട്ടിടവും ഭൂമിയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കൈവശമാണോ നിലവിലുള്ളത്; എങ്കിൽ ഫാക്ടറിയോട് അനുബന്ധിച്ച് വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെയും സ്വത്തിന്റെയും വിശദാംശങ്ങൾ നൽകുമോ;

(സി) നിരവധി സാധാരണക്കാരായ തൊഴിലാളികളുടെ ജീവനോപാധിയായിരുന്ന ഈ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

**ഖാദി വ്യവസായം**

3589 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽ ഖാദിയുടെ ഉപയോഗം വ്യാപകമായതിനെ തുടർന്ന് സംസ്ഥാനത്തെ പരമ്പരാഗത ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവീകരിച്ച് സംരക്ഷിക്കാൻ കഴിയുന്ന വ്യവസായമെന്ന നിലയിൽ ഭാഗികമായ യന്ത്രവൽക്കരണം നടത്തി ഖാദി മേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഖാദി വ്യവസായം**

3590 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായം ലാഭകരമാക്കി മാറ്റുന്നതിനും ഖാദി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഖാദി വ്യവസായ മേഖലയിൽ കൂടുതൽ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എത്ര ഖാദി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**മാമ്പറ്റയിലെ കയർ ഡി ഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തനം**

3591 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിനു കീഴിൽ മുക്കം മാമ്പറ്റയിൽ പ്രവർത്തിക്കുന്ന കയർ ഡി ഫൈബറിംഗ് യൂണിറ്റ് പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>കയർ തൊഴിലാളികൾക്കു വേണ്ടിയുള്ള പദ്ധതികൾ</u>**

3592 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ പുരോഗതിയിലേക്ക് നയിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പരമ്പരാഗത കയർ തൊഴിലാളികൾക്കു വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കയർ രണ്ടാം പുന:സംഘടന പദ്ധതി</u>**

3593 **ശ്രീമതി യു പ്രതിഭ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ദെലീമ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ പ്രതിസന്ധി നേരിട്ടിരുന്ന കയർ വ്യവസായം രണ്ടാം കയർ പുന:സംഘടന പദ്ധതിയിലൂടെ പുനരുദ്ധരിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് നടത്തിയ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ വഴി ഉത്പാദനത്തിൽ ഗണ്യമായ വർദ്ധന സൃഷ്ടിക്കാനായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർച്ചയായി ഇതിനാവശ്യമായ വിപണികൂടി കണ്ടെത്താനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) തൊണ്ടുസംഭരണവും ചകിരി ഉത്പാദനവും കാര്യക്ഷമമാക്കാൻ നടന്നു വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

**<u>കയർ വകുപ്പിന്റെ പദ്ധതി</u>**

3594 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>ചകിരിയുടെ ലഭ്യത</u>**

3595 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും, സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പൊതു വിപണിയിൽ കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള ചകിരി ലഭിക്കുമെങ്കിലും കേന്ദ്രീകൃതമായി ചകിരി വാങ്ങി വിതരണം ചെയ്യുന്നതിനാൽ ഫാക്ടറികളും സൊസൈറ്റികളും കൂടിയ വിലയ്ക്ക് ചകിരി വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി പൊതുവിപണിയിൽ ചകിരിക്ക് വിലകുറയുമ്പോൾ ഉല്പാദകരായ സംഘങ്ങൾക്കും, ഫാക്ടറികൾക്കും ഇത് നേരിട്ട് സംഭരിക്കാനുള്ള അനുവാദം നൽകുമോ?

## കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണം

3596 **ശ്രീ എം മുകേഷ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കാലയളവിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും അതുവഴി എത്ര ഫാക്ടറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ കാപെക്സ് ഫാക്ടറികൾ

3597 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കാപെക്സിനു കീഴിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാപെക്സിനു കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2020, 2021 വർഷങ്ങളിലായി എത്ര പ്രവൃത്തി ദിനങ്ങൾ ഉണ്ടായിരുന്നു എന്ന് അറിയിക്കുമോ?

## കശുവണ്ടി ഫാക്ടറികൾ

3598 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തിക്കുന്നുവെന്നും ഏതൊക്കെ അടഞ്ഞുകിടക്കുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ;

(സി) അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

**<u>കശുവണ്ടി വികസനകോർപ്പറേഷനും കാപ്പെക്സിനും സർക്കാർ സഹായം</u>**

3599 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സാമ്പത്തികസഹായം നല്കണമെന്ന ആവശ്യം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നല്കിയ സാമ്പത്തിക സഹായം വർഷം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സാമ്പത്തിക സഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച് സർക്കാർ നിലവിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**<u>കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണം</u>**

3600 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം നൗഷാദ്**
**ഡോ സുജിത് വിജയൻപിള്ള**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണവും യന്ത്രവൽക്കരണവും നടത്തുന്നതിലേയ്ക്കായി കഴിഞ്ഞ സർക്കാർ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്നറിയിക്കാമോ;

(ബി) റിക്വസിഷൻ ആന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള ഫാക്ടറികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആക്ട് അനുസരിച്ച് ദീർഘനാളായി ഏറ്റെടുത്ത ഫാക്ടറികൾക്ക് ന്യായവില നൽകി അവ സ്വന്തമാക്കുകയോ ഉടമയ്ക്ക് തിരികെ നൽകുകയോ ചെയ്യണമെന്ന ബഹു. സുപ്രീം കോടതി ഉത്തരവു നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>പാടശേഖരങ്ങളിൽ വൈദ്യുതി കണക്ഷൻ</u>**

3601 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ കൃഷി ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ

കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന വൈദ്യുതിക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>അക്ഷയോർജ്ജ മേഖലയുടെ പ്രവർത്തനങ്ങൾ</u>**

3602 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയോർജ്ജ മേഖലയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നേടി ഹരിതോർജ്ജ മേഖലയിലും അനുബന്ധ തൊഴിൽ മേഖലകളിലും കടന്ന് വരാൻ ഇതുവഴി കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോഴ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) ഈ മേഖലയിലെ തൊഴിൽ സാധ്യത സംബന്ധിച്ച് വ്യക്തമായ കണക്കുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>നെല്ലിക്കുഴി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ വാടക</u>**

3603 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ആണ് നൽകിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനായി ലഭ്യമാക്കിയത് മൂന്ന് വർഷത്തെ കരാറിലായിരുന്നുവെന്നതും പ്രസ്തുത കരാർ കാലാവധി 2019 നവംബർ മാസത്തോടെ അവസാനിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. വഹിക്കണമെന്ന് ആവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(ഡി) പഞ്ചായത്തുമായുള്ള വാടക കരാർ അവസാനിച്ച സാഹചര്യത്തിൽ അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള, വിശാലമായ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നതിനാൽ വാടക നൽകിപോകുവാനുള്ള പ്രയാസം ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് ഭരണ സമിതി നൽകിയിട്ടുള്ള നിവേദനത്തിൽ അനുകൂല നിലപാട് സ്വീകരിച്ച് സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്ന കാര്യം പരിഗണിക്കുമോ?

## പവർകട്ടില്ലാത്ത കേരളം

3604 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർകട്ടില്ലാത്ത കേരളം എന്ന നിലയിലേക്ക് വൈദ്യുതി മേഖലയെ ശാക്തീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദന രംഗത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിശദമാക്കാമോ;

(സി) ആവശ്യകതയുടെ മൂന്നിലൊന്ന് വൈദ്യുതി മാത്രമേ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുള്ളൂ എന്നതിനാൽ ഉല്പാദനരംഗത്ത് കൂടുതൽ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

## ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

3605 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം എന്താണെന്നതിന്റെ വ്യക്തമായ മറുപടി നൽകുമോ?

## ദേലമ്പാടി പഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

3606 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിൽ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഈ പഞ്ചായത്തിലെ ദേലമ്പാടി, അഡൂർ വില്ലേജുകളിൽ വൈദ്യുതി സംബന്ധമായ തകരാർ സംഭവിച്ചാൽ കെ. എസ്. ഇ. ബി. യുടെ ഏത് സെക്ഷൻ ഓഫീസിൽ നിന്നാണ് ജീവനക്കാർ വരേണ്ടതെന്നും ഇതിനായി എത്ര ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) വന്യമൃഗ ശല്യം, നിലവിലുള്ള കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസിൽ നിന്നും എത്തിച്ചേരാനുള്ള ദൂരം, വനപ്രദേശത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്ത് എന്നിവ പരിഗണിച്ച് ദേലമ്പാടി പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി പ്രവൃത്തികൾ

3607 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി എന്തെന്നും വിശദമാക്കുമോ ;

(ബി) ഈ മണ്ഡലത്തിൽ ഇനി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും നിലവിൽ പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

## 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്തുന്ന നടപടി

3608 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി വിവരം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഒരു ട്രാൻസ്ഫോമർ കൂടി സ്ഥാപിച്ച് സുഗമമായ വൈദ്യുതി ലഭ്യത ഉറപ്പു വരുത്താനുള്ള നടപടി സ്വീകരിക്കാമോ?

## കോവിഡ് കാലയളവിലെ വൈദ്യുതി ചാർജ്

3609 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ മൂലം അടഞ്ഞു കിടന്നിരുന്ന ചെറുകിട വ്യാപാര-വ്യവസായങ്ങൾ, ഹോട്ടൽ, കാറ്ററിംഗ്, ഓഡിറ്റോറിയം, ഫൂട്ട് വെയർ മുതലായ സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ്ജ് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് തവണ വ്യവസ്ഥയിൽ വൈദ്യുതി ചാർജ്ജ് തിരിച്ചടയ്ക്കാനുള്ള സൗകര്യങ്ങൾ നൽകുമോ?

## കെ.എസ്.ഇ.ബി വിഭാഗങ്ങളുടെ കാര്യക്ഷമത

3610 **ശ്രീ . ഷാഫി പറമ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലെ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;

(സി) വൈദ്യുതി നൽകിയ വകയിൽ കെ.എസ്.ഇ.ബി. ക്ക് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സബ് സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണം

3611 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട്ടിലെ 220 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മലമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി. യുടെ ലാഭ നഷ്ട കണക്ക്

3612 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. ഓരോ വർഷവും രേഖപ്പെടുത്തിയ ലാഭം ,നഷ്ടം എന്നിവ എത്രയാണെന്ന് അറിയിക്കുമോ; സഞ്ചിത ലാഭം,നഷ്ടം എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതിക്കിടനൽകുന്ന തരത്തിൽ ബില്ലിംഗ് സംവിധാനത്തിൽ അപാകതകൾ ഉണ്ടാകാനിടയായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കുറയ്ക്കുന്നതിനോ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനോ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

## കേന്ദ്ര ഇലക്ട്രിസിറ്റി നിയമം

3613 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി നിയമം ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭേദഗതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭേദഗതി നടപ്പിലാക്കിയാൽ അത് ഗ്രാമ പ്രദേശങ്ങളിലെ ഉപഭോക്താക്കളെ ഏത് വിധത്തിലാണ് ബാധിക്കുന്നത്; വിശദമാക്കാമോ?

## രണ്ട് മാസത്തിലൊരിക്കലുള്ള ബില്ലിംഗ്

3614 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിലവിൽ തുടരുന്ന രണ്ട് മാസത്തിലൊരിക്കലുള്ള ബില്ലിംഗ്

സമ്പ്രദായം ഒഴിവാക്കി മാസത്തിലൊരിക്കലുള്ള ബില്ലിംഗ് സമ്പ്രദായം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പലപ്പോഴും ബില്ലിംഗ് 60 ദിവസം കഴിഞ്ഞ് 80 ദിവസം വരെ വൈകുന്നത് കാരണം ഉപഭോക്താക്കൾ അമിതമായ ചാർജ് നൽകേണ്ട അവസ്ഥയാണുള്ളതെന്ന കാര്യം പരിശോധിക്കുമോ?

**വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗ് സൗകര്യം**

3615 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗ് സൗകര്യം ഒരുക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി വകുപ്പിന് കീഴിൽ നിലവിൽ എത്ര ചാർജ്ജിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**അനെർട്ടിലെ വിജിലൻസ് അന്വേഷണം**

3616 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ ഗവേഷണപ്രവർത്തനങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവാക്കി; ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) എ. ജി.യുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് വിജിലൻസ് അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഊർജ്ജ വകുപ്പ് സെക്രട്ടറിക്കും അനെർട്ട് ഡയറക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(സി) അനെർട്ടിലെ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് നിയമവിരുദ്ധമാണെന്നും ഏതെങ്കിലും ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എത്ര കത്തുകൾ അനെർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്; എല്ലാ കത്തുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ; സർക്കാർ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ഇതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

**നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾ**

3617 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ. മാരെ ഉൾപ്പെടുത്തിയുള്ള എതെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വൈദ്യുതി വിതരണരംഗത്തെ കേന്ദ്ര നിയമനിർമ്മാണം

3618 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യകമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നുവോ എന്നറിയിക്കാമോ?

## പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ

3619 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നിർദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി പരമാവധി കുറയ്ക്കാൻ പ്രസ്തുത ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## ഫിലമെന്റ് രഹിത കേരളം

3620 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എത്ര എൽ.ഇ.ഡി ബൾബുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ആയതിൽ എത്രയെണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) എല്ലാ ഉപഭോക്താക്കളും എൽ.ഇ.ഡി ബൾബ് ഉപയോഗിക്കുന്നതിനായി ബോധവത്കരണം നടത്തുന്നതിന് വൈദ്യുതി വകുപ്പ് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നിലാവ് പദ്ധതി

3621 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലാവ് പദ്ധതി പ്രകാരം എത്ര തെരുവുവിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) നിലാവ് പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഏതൊക്കെ ഏജൻസികൾക്കാണ് ഇത് സംബന്ധിച്ച ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ തെരുവുവിളക്കുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് അനുമതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എത്ര തെരുവുവിളക്കുകൾ ഇത്തരത്തിൽ എൽ.ഇ.ഡി.യിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ?

## എൽ.ഇ.ഡി. ബൾബ് വിതരണം

3622 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഫിലമെന്റ് രഹിത കേരളം പദ്ധതി

3623 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ കേരളത്തിൽ എത്ര എൽ.ഇ.ഡി ബൾബുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അപേക്ഷ നൽകിയവർക്കെല്ലാം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനോടകം വിതരണം ചെയ്ത എൽ.ഇ.ഡി ബൾബുകളെ അടിസ്ഥാനമാക്കി എത്ര അളവ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലാഭിക്കാൻ കഴിയുകയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി പ്രകാരം ഇപ്പോഴും ബൾബുകൾ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

3624 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി മുതൽ ഞാറക്കൽ വരെ 110 കെ.വി. ലൈനിന്റെ നിർമ്മാണവും ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് ഭരണാനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

## ഭൂഗർഭ വൈദ്യുത കേബിളുകൾ

3625 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ;

(ബി) ഇനിയും മണ്ഡലത്തിൽ പുതുതായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മാർമല ചെറുകിട ജലവൈദ്യുതപദ്ധതി</u>**

3626 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന മാർമല ചെറുകിട ജലവൈദ്യുതപദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ സ്ഥലത്ത് കൃഷി ചെയ്യുന്നതിനോ സ്ഥലം ക്രയവിക്രയം നടത്തുന്നതിനോ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി</u>**

3627 **ശ്രീ വി ജോയി**
**ശ്രീ. എ. രാജ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന എൽ. ഇ.ഡി. ബൾബുകളുടെ വിതരണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഫിലമെന്റ് ബൾബുകൾക്കും സി. എഫ്. എൽ - കൾക്കും പകരം എൽ. ഇ.ഡി ബൾബുകളുടെ ഉപയോഗം വൈദ്യുതോപയോഗം ഗണ്യമായി കുറയ്ക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായും മിതമായ വിലയ്ക്കും

സബ്സിഡിയോടെയും ഇവ വിതരണം ചെയ്യുന്നതിനായും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## നിലാവ് പദ്ധതി

3628 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കെ.എസ്.ഇ.ബി. യുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

## എൽ.ടി/എച്ച്.ടി ഓവർഹെഡ് ലൈനുകൾ മാറ്റുന്ന പദ്ധതി

3629 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പട്ടണത്തിലെ എൽ.ടി/എച്ച്.ടി ഓവർഹെഡ് ലൈനുകൾ ഏരിയൽ ബൻജ്ഡ് കേബിൾ (എ.ബി.സി) കവേർഡ് കണ്ടക്ടേഴ്സ് കൊണ്ട് മാറ്റാൻ പദ്ധതി നിലവിലുണ്ടോ; വൈദ്യുതി തടസ്സം, അപകടം എന്നിവ ഒഴിവാക്കാൻ ഇതുകൊണ്ട് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

3630 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കീഴിൽ ആനമൈതാനം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഇത് വരെ സ്വീകരിച്ച നടപടികളും നിലവിലെ തടസ്സവും എന്താണെന്ന് വ്യക്തമാക്കുമോ?

## ഉഡുപ്പി - പുത്തൂർ - കരിന്തളം വൈദ്യുതി ലൈൻ

3631 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് മണ്ഡലത്തിലെ ഉഡുപ്പി - പുത്തൂർ - കരിന്തളം വൈദ്യുതി ലൈൻ വലിക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയിൽ സബ് സ്റ്റേഷൻ നിർമ്മാണമുണ്ടെങ്കിൽ എവിടെയാണെന്നും എത്ര കെ.വി ശേഷിയുള്ളതാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ തുക എത്രയാണെന്നും ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സ്വകാര്യ മേഖലയിലാണോ നടപ്പാക്കുന്നത്; എങ്കിൽ ബന്ധപ്പെട്ട കമ്പനിയുടെ / വ്യക്തിയുടെ പേര് വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുടെ ചെലവ് എത്ര രൂപയാണെന്നും പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണം എന്താണെന്നും വ്യക്തമാക്കാമോ?

## സൗജന്യമായി വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച്

3632 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത് ആർക്കൊക്കെ എന്നും എത്ര യൂണിറ്റ് വീതം എന്നും വിശദമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ഉല്പാദനം

3633 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ട്രാൻസ്ഫോർമർ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി

3634 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ടൗണിലെ ഊർജ്ജ ഉപഭോഗത്തിന് പയ്യന്നൂർ 33 KV സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ട് 5KVA ട്രാൻസ്ഫോർമറുകൾ പര്യാപ്തമല്ലാത്തതിനാൽ ഇതിന്റെ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) പയ്യന്നൂർ കവ്വായി ഭാഗത്തേക്ക് തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിന് 2012 ൽ സ്ഥാപിച്ച ഭൂഗർഭ കേബിൾ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ 33 KV തൃക്കരിപ്പൂർ സബ്സ്റ്റേഷനിൽ ഇതിനാവശ്യമായ സൗകര്യം ഒരുക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് നടപടി

3635 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലാണ് ഇനിയും വൈദ്യുതി എത്താനുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിന് എത്ര തുകയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ആദിവാസി കോളനികളിൽ എപ്രകാരം വൈദ്യുതി എത്തിക്കാനാണ്

ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് ഭൂഗർഭ കേബിളുകൾ ഉപയോഗിക്കാൻ സാധിക്കുമോ; സോളാർ വൈദ്യുതീകരണം ഭൂഗർഭ കേബിളിനേക്കാൾ ലാഭകരമാണോയെന്ന് അറിയിക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കാനായി എന്നും ഇതിനായി ചെലവഴിച്ച തുകയും അറിയിക്കാമോ?

## <u>സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി</u>

3636 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>ലോക്ഡൗൺ കാലയളവിലെ വൈദ്യുതി ഉപഭോഗം</u>

3637 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുത ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ലോക്ഡൗൺ പ്രഖ്യാപനത്തിന് മുമ്പ് സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നു;

(സി) സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൗൺ കെ.എസ്.ഇ.ബി.യുടെ ലാഭനഷ്ടങ്ങളെ എങ്ങനെയൊക്കെ ബാധിച്ചു എന്നത് സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനങ്ങൾ ബോർഡ് നടത്തുകയുണ്ടായോ;

(ഡി) എങ്കിൽ ലോക്ഡൗൺ മൂലം ഏതൊക്കെ മേഖലകളിൽ ഏതൊക്കെ തരത്തിലാണ് വൈദ്യുതി ഉപഭോഗത്തിൽ വ്യതിയാനങ്ങൾ ഉണ്ടായത് എന്നത് സംബന്ധിച്ച ആധികാരിക റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സൗരോർജ്ജ വൈദ്യുതി പദ്ധതി</u>

3638 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനായി സമീപകാലത്ത് കെ. എസ്. ഇ. ബി. കരാർ ഒപ്പ് വെച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര രൂപ നിരക്കിൽ ആണ് കരാർ ഒപ്പ് വെച്ചത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഡാമുകളിൽ നിന്നും സോളാർ വൈദ്യുതി ഉല്പാദനം

3639 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എ കെ എം അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ കീഴിലുള്ള ഡാമുകളിലെ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## ഊർജ കേരള മിഷൻ

3640 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായി ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതി ആണ് സൗരോർജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സോളാർ റൂഫ് ടോപ്പ് പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(സി) ഫ്ലോട്ടിംഗ്, ഹൈവേ ടോപ്പ്, കനാൽ ടോപ്പ് സോളാർ തുടങ്ങിയ വ്യത്യസ്ത സാധ്യതകളിൽ നിന്ന് വൈദ്യുതി ഉല്പാദനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് വ്യക്തമാക്കുമോ?

## ഇ.എൽ.സി.ബി സംവിധാനം സൗജന്യമായി നൽകുന്ന പദ്ധതി

3641 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ വിഭാഗത്തിൽ വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി അവരുടെ വീടുകളിൽ ഇ.എൽ.സി.ബി (ഏർത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ) സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളിൽ ഇ.എൽ.സി.ബി സംവിധാനം നൽകുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ വർഷം എത്ര കുടുംബങ്ങൾക്കാണ് ഇ.എൽ.സി.ബി സംവിധാനം സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തെരുവുവിളക്കുകൾ

3642 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യമുള്ള സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സൗരോർജ്ജ സൗകര്യം കൂടി ഉപയോഗപ്പെടുത്തുമോ;എങ്കിൽ ഇതിന് എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തുകയെന്ന് വിശദമാക്കാമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കുറ്റിക്കാട്ടൂർ വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപനം

3643 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള കോവൂർ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിച്ച് കുറ്റിക്കാട്ടൂർ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജനം

3644 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പരിധിയിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെക്ഷനെയും വാഴക്കാട് സെക്ഷനേയും വിഭജിച്ച് മുസലിയാരങ്ങാടി കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## സെക്ഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം

3645 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, വെള്ളൂർ, പാടിച്ചാൽ, ചെറുപുഴ എന്നിവിടങ്ങളിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ

3646 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിലെ വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്ബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചോ; എങ്കിൽ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വെണ്ണക്കര 110 കെ.വി സബ്ബ് സ്റ്റേഷനെ 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

3647 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ ഗുരുതരമായി പരിക്ക് പറ്റുകയോ ചെയ്യുന്ന കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഇവർക്ക് ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ലെങ്കിൽ ആയത് നൽകുവാനുള്ള ആലോചനയുണ്ടോ; വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾക്ക് ഫലപ്രദമായ ഇൻഷ്വറൻസ് സമ്പ്രദായം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ ) നിയമനം

3648 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-2020 ന് ശേഷം അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ ഒഴിവുകളിലേയ്ക്ക് എത്ര പേരുടെ അഡ്വൈസ് ആണ് പി.എസ്.സി. യിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആയതിൽ എത്ര പേർക്ക് നിയമനം നല്കിയെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ അഡ്വൈസ് ലഭിച്ച ആർക്കെങ്കിലും ഇനി നിയമനം നൽകുന്നുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ഡി) ഈ തസ്തികയിൽ അഡ്വൈസ് ലഭിച്ചവരുടെയും അതിൽ നിന്ന് നിയമനം നൽകിയവരുടെയും വിശദ വിവരങ്ങൾ നൽകുമോ;

(ഇ) അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവരുണ്ടെങ്കിൽ എന്ത് കാരണത്താലാണ് നിയമനം നൽകാത്തതെന്ന് അറിയിക്കുമോ; അവർക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെ. എസ്. ഇ. ബി. യിലെ ഒഴിവുകൾ

3649 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ നിന്നും കഴിഞ്ഞ നാല് വർഷത്തോളമായി ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയിൽ ഏതാണ്ട് അറുന്നൂറ്റി അൻപതോളം പ്രമോഷനുകൾ നടന്നിട്ടും ഒരു ഫ്രഷ് ഒഴിവു പോലും കേരള പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാലു വർഷം ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയിൽ നടന്ന സ്പോർട്സ് ക്വാട്ടാ നിയമനങ്ങളുടെയും ആശ്രിത നിയമനങ്ങളുടെയും എണ്ണവും പ്രസ്തുത തസ്തികയിൽ അവയുടെ അനുവദനീയമായ പരമാവധി ശതമാന കണക്കും, തസ്തികയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരുടെ ശതമാന കണക്കും വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി. യിൽ ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയിൽ ഡെപ്യൂട്ടേഷൻ / വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന മറ്റിതര പോസ്റ്റുകളിലെ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ പേരും അവരുടെ പേരന്റ് തസ്തികയും ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. റീ സ്ട്രക്ചറിംഗ് എന്നു പൂർത്തിയാകും എന്നു പ്രതീക്ഷിക്കുന്നു എന്നറിയിക്കാമോ?

## <u>ഇടമലയാറിലെ ഹൈഡൽ ടൂറിസം പദ്ധതി</u>

3650 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്ന വിഷയം പരിഗണിച്ചിരുന്നോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇടമലയാർ റിസർവോയർ വനമേഖലയിൽ ആയതിനാൽ ഇവിടെ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തട്ടേക്കാട്, ഭൂതത്താൻകെട്ട് തുടങ്ങിയ സ്ഥലങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഇടമലയാർ ഡാമിൽ വനം വകുപ്പുമായി സഹകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം സജീവമായി പരിഗണിക്കുമോ; വിശദമാക്കാമോ?

## <u>മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കുള്ള എ.ബി.സി. ലൈൻ</u>

3651 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കുള്ള എ.ബി.സി. ലൈനുകളുടെ കണക്ഷനും നേത്ര വിഭാഗം ഓപ്പറേഷൻ തീയറ്ററിലേക്കുള്ള വൈദ്യുത കേബിളും സ്ഥാപിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ

3652 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇൻഷുറൻസ് വകുപ്പ് മുഖാന്തരം ആണോ പരിരക്ഷ നടപ്പിലാക്കിയത്; സ്കിൽഡ്, അൺസ്കിൽഡ് എന്നീ തൊഴിലാളികൾക്ക് ഒരേ പ്രീമിയം നിരക്കാണോ; വിശദമാക്കാമോ;

(സി) ഇൻഷുറൻസ് പരിരക്ഷ നടപ്പാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾ

3653 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി ബില്ലുകൾ ഒടുക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകൾക്കുമേൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ

3654 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ഡോ. എം.കെ . മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെമേൽ റിസർവ് ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) പുതുതായി രൂപീകരിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ബാങ്കിംഗ് നിയമ ഭേദഗതിയും സഹകരണ മേഖലയും

3655 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഐ ബി സതീഷ്**

**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണമേഖലയിലെ സാധാരണ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന സഹകരണ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിന്റെ തുടരെയുള്ള ഇടപെടലുകൾ ദോഷകരമായി ബാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമഭേദഗതി മൂലം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് എന്തെല്ലാം തരത്തിലെ വെല്ലുവിളിയാണ് നേരിടേണ്ടി വരിക എന്ന് അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമ ഭേദഗതി സഹകരണ മേഖലയിൽ ഉയർത്തുന്ന വെല്ലുവിളി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിക്കാമോ?

## സഹകരണ മേഖലയിലെ തട്ടിപ്പ് തടയാൻ നടപടി

3656 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ തട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം തട്ടിപ്പിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം തട്ടിപ്പ് മൂലം നിക്ഷേപകർക്കും മറ്റ് ഗുണഭോക്താക്കൾക്കും ഉണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സാധാരണക്കാരുടെ ആശ്രയമായ സഹകരണ മേഖലയുടെ ക്രയവിക്രയ ശേഷി കുറയുന്നത് സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളും കാർഷിക മേഖലയും

3657 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ നിശ്ചിത ശതമാനം കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാർഷിക വായ്പ നൽകുന്നതിന്റെ അളവ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിലെ കർഷക സേവന കേന്ദ്രങ്ങൾ കർഷകർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## വിദ്യാ തരംഗിണി പദ്ധതി

3658 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുറ്റത്തെ മുല്ല പദ്ധതി

3659 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഓരോ കുടുംബശ്രീ യൂണിറ്റിനും ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## സഹകരണ അംഗ സമാശ്വാസ നിധി

3660 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ അംഗ സമാശ്വാസ നിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മാരകമായ രോഗം ബാധിച്ചവർക്കും പക്ഷാഘാതം ബാധിച്ചവർക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സമാശ്വാസ നിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## മണലൂർ മണ്ഡലത്തിൽ കെയർ ഹോം പദ്ധതി

3661 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ആകെ എത്ര വീട്ടുകൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയത്; ഓരോ സ്ഥാപനവും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) എത്ര വീട്ടുകൾക്കാണ് അനുമതി നൽകിയതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

## സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

3662 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിവിധ വിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്താനുള്ള കർമ്മപദ്ധതികൾ എന്തെല്ലാം; ഏതെല്ലാം വിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് വഴി നിക്ഷേപ സമാഹരണത്തിനായും ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കുമായി ഉപയോഗിക്കുന്നതിനായും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കാമോ?

## കേരള ബാങ്കിന്റെ ഓഹരികൾ

3663 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ 1ന് പ്രാബല്യത്തിൽ വന്ന ബാങ്കിംഗ് ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളാ ബാങ്കിന്റെ സ്പെഷ്യൽ ഷെയറുകൾ, പ്രിഫറൻസ് ഷെയർ, ഓർഡിനറി ഷെയർ എന്നിവ സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വിൽക്കുവാനുള്ള അധികാരം ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രിഫറൻസ് ഷെയറുകൾ ആണെങ്കിൽ ആ ഷെയറുകൾക്ക് എല്ലാ വർഷവും ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഡിവിഡന്റ് കൊടുക്കുവാൻ ബാധ്യസ്ഥരാണോ;

(സി) ഇത്തരത്തിൽ കേരള ബാങ്കിന്റെ ഓഹരി വിൽക്കുവാനും അതിൽ തന്നെ ചില ഷെയറുകൾക്ക് മുൻഗണന ക്രമത്തിൽ ലാഭവിഹിതം നൽകുവാനും വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരളാ ബാങ്കിന്റെ മൂലധനത്തിൽ ബഹുഭൂരിഭാഗവും സംഭാവന നൽകിയിരിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എന്ത് പ്രതിഫലം കിട്ടാനാണ് സാധ്യതയെന്ന് വ്യക്തമാക്കാമോ?

## കേരള ബാങ്ക് മൊബൈൽ എ.ടി.എം.

3664 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മൊബൈൽ എ.ടി.എം. കൗണ്ടറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ എത്ര മൊബൈൽ എ.ടി.എം. കൗണ്ടറുകൾ

സേവനം നൽകി വരുന്നു; വിശദമാക്കാമോ?

**<u>സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം</u>**

3665 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽ നിന്നും എടുത്തുമാറ്റുന്ന വിധത്തിൽ എന്തെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ;

(ബി) ബാങ്കിംഗ് റഗുലേഷൻ ആക്റ്റിൽ വരുത്തിയ പുതിയ ഭേദഗതി മൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**<u>കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് ഡിവിഡന്റ്</u>**

3666 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് അടുത്ത മൂന്ന് വർഷം അവരുടെ ഓഹരി മൂലധനത്തിന് പത്ത് ശതമാനം ഡിവിഡന്റ് നൽകുന്നതാണെന്ന മുൻ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2020-21 സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭ നഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലാഭ വിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരണം</u>**

3667 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചിരിക്കുന്നത് സംസ്ഥാനത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സഹകരണ മേഖലയെ മികവുറ്റതാക്കാൻ നടപടി</u>**

3668 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**അർബൻ സഹകരണ ബാങ്കുകളിലെ റിസർവ് ബാങ്ക് ഇടപെടൽ**

3669 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ മരവിപ്പിച്ച് അർബൻ സഹകരണ ബാങ്കുകളിൽ റിസർവ്വ് ബാങ്ക് ഇടപെടൽ നടത്തുന്ന നയത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) അർബൻ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്ന തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

**കരുവന്നൂർ സഹകരണ ബാങ്ക് വായ്പ തിരിച്ചടവിനു സാവകാശം**

3670 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് ഡൗൺ മൂലം ജനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് ജപ്തി നടപടികൾ പാടില്ല എന്ന നിർദ്ദേശം നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്ത് അംഗം ആത്മഹത്യ ചെയ്ത സംഭവം പരിശോധിക്കുകയുണ്ടായോ;

(ബി) കോവിഡ് മൂലം ജീവനോപാധി നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സാധാരണക്കാർ കരുവന്നൂർ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വായ്പാ തട്ടിപ്പ് മൂലം സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

**അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

3671 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റികൾ കർഷക ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

3672 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011 മുതൽ 2014 വരെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണ കാലത്ത് ബാങ്കിൽ എ ക്ലാസ് അംഗങ്ങളെ ചേർത്തിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എത്ര പേർക്ക് അംഗത്വം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് ബാങ്കിൽ നിന്ന് വായ്പയോ മറ്റ് സേവനങ്ങളോ നൽകിയിട്ടുണ്ട്;

(സി) വായ്പയോ മറ്റ് നിയമപരമായ സേവനങ്ങളോ നൽകുന്നതിനല്ലാതെ സഹകരണ ബാങ്കുകളിൽ എ ക്ലാസ് അംഗത്വം നൽകുന്നതിന് അഡ്മിനിസ്ട്രേറ്ററെ നിയമം അനുവദിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ബാങ്കിൽ നിയമവിരുദ്ധ പ്രവർത്തനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## <u>കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ</u>

3673 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ; ഇതിൽ ഏതെങ്കിലും അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ നിയമത്തിന് വിപരീതമായി തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള നിരവധി പേർക്ക് അംഗത്വം നൽകിയെന്നും ലോൺ നൽകിയതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഇല്ല എന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ബാങ്കിൽ നടന്ന ഓഡിറ്റ്, അന്വേഷണം എന്നിവയുടെ റിപ്പോർട്ടുകൾ പൂഴ്ത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്</u>

3674 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ബാങ്കിൽ നിന്നും വായ്പ എടുത്ത ശേഷം കൃത്യമായി തിരിച്ചടച്ചിരുന്ന പലർക്കും ജപ്തി നോട്ടീസ് ലഭിച്ച സാഹചര്യം എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; സഹകരണ നിയമം

സെക്ഷൻ 65 പ്രകാരം പരിശോധനകൾ നടത്തുവാനും ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനും നടപടി സ്വീകരിക്കുമോ?

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

3675 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇരിങ്ങാലക്കുട കരുവന്നൂർ സഹകരണബാങ്ക് ഏത് രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാങ്കിൽ അടുത്തകാലത്തായി സാമ്പത്തികത്തട്ടിപ്പും ക്രമക്കേടും നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും തട്ടിപ്പിനവലംബിച്ച മാർഗ്ഗം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ ബാങ്ക് സ്ഥാപിച്ചതെപ്പോഴാണെന്നും ഏതെങ്കിലും ജനപ്രതിനിധി ഇപ്പോഴത്തെ ഭരണസമിതിയിൽ ഉണ്ടോയെന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(എഫ്) ബാങ്കിന്റെ ഇപ്പോഴത്തെ ഓഹരി ഉടമകളുടെ എണ്ണം എത്രയാണെന്നും ഓഹരി മൂലധനം എത്രയാണെന്നും വ്യക്തമാക്കാമോ?

## കരുവന്നൂർ ബാങ്കിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള നടപടികൾ

3676 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക നിയന്ത്രണം കേരള ബാങ്ക് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി കേരള ബാങ്ക് പ്രതിനിധി, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ പുതുതായി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ, സഹകരണ സംഘം ജില്ല ജോയിന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിൽ പഠനം നടത്തി പാക്കേജ് തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിക്ഷേപകർ കൂട്ടത്തോടെ പണം പിൻവലിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ്

3677 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മൂത്തേടം പഞ്ചായത്തിലെ കാരപ്പുറത്ത് നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ് (നിറ്റ്കൊ) എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; അനുമതി നൽകിയ വർഷമടക്കമുള്ള വിവരങ്ങളും രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ആരെല്ലാമാണെന്ന വിവരവും സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പും ലഭ്യമാക്കാമോ;

(സി) ഈ സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ എന്നാണ് പ്രവർത്തനം നിർത്തിയതെന്നും അതിനുള്ള കാരണവും വിശദമാക്കാമോ;

(ഡി) ഈ സംഘത്തിന് ഏതെങ്കിലും സഹകരണ ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച വായ്പ തുക, അനുവദിച്ച വർഷം, തിരിച്ചടവ് വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം എത്ര തുകയാണ് പൊതു ജനങ്ങളിൽ നിന്നും ഓഹരിയിനത്തിൽ പിരിച്ചെടുത്തതെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് സംഘത്തിൽ എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ എത്രയെന്നും അറിയിക്കാമോ;

(എഫ്) ഈ സ്ഥാപനത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം എത്രയെന്നും ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ;

(ജി) പ്രസ്തുത സ്ഥലം വിൽപന നടത്താൻ സഹകരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ടൂറിസം സൊസൈറ്റികൾ

3678 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടൂറിസം സൊസൈറ്റികൾ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട് എന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ടൂറിസം സൊസൈറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രാഥമിക കാർഷിക സംഘങ്ങളുടെ നവീകരണം

3679 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നബാർഡ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ?

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

3680 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സ്റ്റാഫ് നിയമനം

3681 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ റൂൾ 156 അനുസരിച്ച് സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസ്സിഫിക്കേഷൻ ബാധകമാക്കാതെ ഓഡിറ്റ് സ്റ്റാഫുകളെ ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ നിയമിക്കാം എന്നത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ബി) സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് ഗ്രേഡ് തിരിച്ച് ഓഡിറ്റർമാരെ നിയമിക്കാമെന്ന ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം

3682 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി .**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായുള്ള നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം മേഖലകളാണ് സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായി ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നത്; വിശദാംശം നൽകാമോ;

(ഡി) യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പുവഴി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## കാന്റീൻ നടത്തിപ്പ് സഹകരണ സംഘങ്ങൾക്ക്

3683 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സ്റ്റേഷനുകൾ, സർക്കാർ ഓഫീസ് കോംപ്ലക്സുകൾ എന്നിവിടങ്ങളിലെ കാന്റീനുകൾ നടത്തുന്നതിൽ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്നതിന് ചട്ടം നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാർക്കായുള്ള കാന്റീൻ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയുടെ നടത്തിപ്പിന് എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് പ്രത്യേകപരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

## വില വർദ്ധനവ് തടയാൻ സഹകരണ മേഖല

3684 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകളിലൂടെയും നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കൺസ്യൂമർഫെഡിന്റെ സേവന വിപുലീകരണം

3685 **ശ്രീ. എം. എം. മണി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ 450 കോടിയോളം രൂപ നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ കൂടുതൽ ആധുനിക മെഗാമാർട്ടുകൾ ആരംഭിച്ചും വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചും ഉപഭോക്തൃ സേവനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പർച്ചേസ് സംവിധാനം സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കിക്കൊണ്ടും സംഭരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ ഭൂമി

3686 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത കോളേജിന് ഉള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ് ; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് പാട്ട വ്യവസ്ഥയിൽ ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ?

## സ്കൂൾ നവീകരണത്തിന് സഹകരണ സ്ഥാപനങ്ങളുടെ സഹായം

3687 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ് റൂം, ഇന്ധന ക്ഷമതയുള്ള അടുക്കള തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മുറ്റത്തെ മുല്ല വായ്പ പദ്ധതി

3688 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ വ്യവസ്ഥകൾ വിശദമാക്കുമോ; പദ്ധതിയിലൂടെ എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എത്രയെന്നും ഏതെല്ലാമെന്നും വിശദമാക്കുമോ; ഇവയുടെ പ്രവർത്തനം വിലയിരുത്താനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന്

വ്യക്തമാക്കുമോ; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

3689 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക തീർപ്പാക്കാൻ പ്രത്യേക ഇളവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കരുവന്നൂർ ബാങ്കിലെ നിക്ഷേപകരുടെയും വായ്പക്കാരുടേയും ആശങ്ക**

3690 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ല എന്ന നിബന്ധന നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ടി.എം.മുകുന്ദൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാങ്കിൽ നിക്ഷേപിച്ച പണം സംബന്ധിച്ച് നിക്ഷേപകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്നറിയിക്കുമോ;

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തവരും കോവിഡ് പ്രതിസന്ധിയിൽ ജീവനോപാധിപോലും നഷ്ടപ്പെട്ടവരുമായ സാധാരണക്കാർക്ക് വായ്പ തിരിച്ചടവിന് സാവകാശം നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**കാർഷിക വായ്പകൾ**

3691 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾക്ക് ധനസഹായം നൽകുന്നതിന് കാർഷിക വായ്പാതോത് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് സഹകരണ ബൈലോകൾ ഭേദഗതി ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) കർഷകരറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് പരിശോധനകൾ കർശനമാക്കുമോ?

**കാർഷിക കടാശ്വാസം**

3692 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ തുക എന്നേക്ക് നൽകുമെന്ന വിശദാംശം നൽകാമോ;

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം തുക നൽകാനുണ്ട്; വിശദാംശം നൽകാമോ?

**വാമനപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

3693 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2020 കാലയളവിൽ വാമനപുരം മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര പേർക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ?

**കോതമംഗലം മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം**

3694 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഇതുവരെയും ആനുകൂല്യം അനുവദിക്കാത്ത അപേക്ഷകളുടെ കാര്യത്തിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹരായവർക്കെല്ലാം പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കമ്മീഷൻ ജീവനക്കാരുടെ പെൻഷൻ**

3695 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നവർ പെൻഷൻ ബോർഡിൽ അടച്ച ആകെ തുക നാല് ലക്ഷം രൂപ ഉണ്ടെങ്കിൽ മാത്രമേ അവർക്ക് പെൻഷൻ ലഭിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇത് പുനഃപരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## മലപ്പുറം ജില്ല സഹകരണ ബാങ്കിലെ ഒഴിവുകൾ

3696 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തസ്തികകളുടെ പേര്, ഒഴിവുകൾ നിലവിൽ വന്ന തീയതി എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

## വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷൻ

3697 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷന് നിയന്ത്രണമേർപ്പെടുത്തിയതോടെ വൃദ്ധരും, ഭിന്നശേഷിക്കാരും രോഗികളുമായവർ സ്വത്തുക്കൾ കൈമാറുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയതുമൂലം കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള ഇത്തരക്കാർക്ക് ഭൂമി കൈമാറ്റം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതുക്കിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ

3698 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് ഏതൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്;

(ബി) ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് സംസ്ഥാനത്ത് ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ ; വിശദമാക്കാമോ?

## രജിസ്ട്രേഷൻ അഴിമതി രഹിതമാക്കാൻ നടപടി

3699 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**

**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനും ഓരോ രജിസ്ട്രേഷനും നിശ്ചയിച്ചിട്ടുള്ള ഫീസ് വിവരം ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആധാരമെഴുത്തുകാരുടെ സേവനം ഏകീകരിക്കുന്നതിന് ആധാരമെഴുത്തുകാർക്ക് നൽകേണ്ട ഫീസ് സംബന്ധിച്ച് വ്യക്തത വരുത്തുമോ;

(സി) വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

**കാഞ്ഞിരംകുളം സബ്‌രജിസ്ട്രാർ ഓഫീസ്**

3700 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പത്ത് മാസമായിട്ടും കാഞ്ഞിരംകുളം സബ്‌രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് അടിയന്തരമായി പുതിയ മന്ദിരത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**വയനാട് ജില്ല രജിസ്ട്രാർ ഓഫീസ്**

3701 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ല രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര തുക പ്രതിമാസം വാടക ഇനത്തിൽ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രജിസ്ട്രേഷൻ വകുപ്പിന് വയനാട് ജില്ലയിൽ എവിടെയെങ്കിലും സ്വന്തമായി ഭൂമിയുണ്ടോ;

(ഡി) സ്വന്തം സ്ഥലത്ത് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ?

**വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

3702 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയിനത്തിൽ എത്ര രൂപ ചെലവ് വരുന്നുവെന്ന് വ്യക്തമാക്കാമോ?

**<u>രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം</u>**

3703 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ഇതിനായി അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ</u>**

3704 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ സബ്രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയെന്നും അവ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(സി) മതിയായ സൗകര്യമില്ലാത്ത കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകൾ</u>**

3705 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

**<u>സബ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകൾ</u>**

3706 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ തസ്തികയിൽ 2021 വർഷത്തിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സെലക്ട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ടോ;

(ഡി) പ്രസ്തുത സ്ഥാനക്കയറ്റം വഴി എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 29-07-2021 |
| സെക്രട്ടേറിയറ്റ്, | എസ് വി ഉണ്ണികൃഷ്ണൻ നായർ, |
| തിരുവനന്തപുരം | സെക്രട്ടറി |

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].